## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4551 — 18/05/2017 ൽ മറുപടിയ്ക്ക്

### മുളവ്യവസായം വികസിപ്പിക്കുന്നതിനായി പദ്ധതി

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.ജോർജ്ജ്.എം.തോമസ്
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.സി.കെ.ശശീന്ദ്രൻ

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുളവ്യവസായം വികസിപ്പിക്കുന്നതിനായി പദ്ധതി നിലവിലുണ്ടോ; | (എ) | സംസ്ഥാനത്ത് മുള വ്യവസായം വികസിപ്പിക്കുന്നതിനായി സംസ്ഥാന ബാംബൂ മിഷന്റേയും കേരള സംസ്ഥാന ബാംബൂ കോർപറേഷന്റേയും നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ബാംബൂ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) | കേരള സംസ്ഥാന ബാംബൂ കോർപറേഷൻ പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് തൊഴിലാളി മേഖലയിലുള്ള പ്രവർത്തനത്തിനോടൊപ്പം മുളയെ ഒരു വ്യാവസായിക നിർമ്മാണ വസ്തുവായി ഉയർത്തുന്നതിനു വേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മരത്തിനു പകരം മുള എന്ന ആശയം പ്രചരിപ്പിക്കുന്നതിനോടൊപ്പം നല്ലളം ആസ്ഥാനമായി പ്രവർത്തിക്കുന്ന തറയോട് നിർമ്മാണ ഫാക്ടറിയും മാനന്തവാടി, പാലക്കാട്, നാദാപുരം എന്നിവിടങ്ങളിലെ അനുബന്ധ യൂണിറ്റുകളെയും മുളയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന ചെയ്യുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ പുനഃസംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്കരിച്ച മുളയും കോർപറേഷന്റെ മറ്റ് ഉൽപ്പന്നങ്ങളും ഉപയോഗിച്ച് കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളടങ്ങിയ വിനോദസഞ്ചാര മേഖലകളിൽ വാസഗൃഹങ്ങളും എക്കോ ഹബ്ബുകളും കോർപ്പറേഷൻ നിർമ്മിച്ച് നൽകി തുടങ്ങിയിട്ടുണ്ട്. ഇതിനകം തന്നെ |

| | | | |
|---|---|---|---|
| | | | കോന്നിയിലുള്ള അടവി വനമേഖലയിലും തൊമ്മൻകുത്ത്, സൈലന്റ് വാലി എന്നിവിടങ്ങളിലും ഇത്തരത്തിൽ നിർമ്മിതികൾ നടത്തി കഴിഞ്ഞു. |
| (സി) | മുള ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ബാംബൂ ഇന്നവേഷൻ കേന്ദ്രങ്ങളിലൂടെ വൈവിധ്യമാർന്നതും മൂല്യവർദ്ധിതവുമായ മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | ബാംബൂ മേഖലയിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനും ലോകോത്തര നിലവാരത്തിൽ ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനും ബാംബൂ തോട്ട നിർമ്മാണത്തിനും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അങ്കമാലിയിൽ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. മുള മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഏകോപനം, മുളകൊണ്ട് നിർമ്മിക്കുന്ന നൂതനമാതൃകകളുടെ പ്രദർശനം, പുതിയ മാതൃകകൾ ഉണ്ടാക്കുവാനും അത് പഠിപ്പിക്കുവാനുമുള്ള സംവിധാനം, നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങളെകുറിച്ച് പഠിപ്പിക്കുക, ബാംബൂ ഉൽപ്പാദന പ്രക്രിയയെ അടിസ്ഥാനമാക്കി ഉപകരണങ്ങൾ രൂപപ്പെടുത്തി കരകൗശല തൊഴിലാളികൾക്ക് വിതരണം ചെയ്യുക, നിലവിലുള്ള കരകൗശല തൊഴിലാളികളുടെ നൈപുണ്യം വിലയിരുത്തി അതിനെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ തയ്യാറാക്കുക എന്നിവയാണ് ബാംബൂ ഇന്നവേഷൻ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ. ബാംബൂ ഇന്നവേഷൻ സെന്ററിൽ ബാംബൂ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. |
| (ഡി) | അന്തർദേശീയ പ്രാതിനിധ്യത്തോടെ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | മുള ഉൽപ്പന്നങ്ങളുടെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന വാർഷിക മേളയായി ബാംബൂ ഫെസ്റ്റ് എറണാകുളത്ത് സംഘടിപ്പിച്ചുവരുന്നു. മുള ഉൽപ്പന്നങ്ങളെ കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും മറ്റു സംസ്ഥാനങ്ങളിലെ കരകൗശല വിദഗ്ധരും കേരളത്തിൽ സമാനമേഖലയിൽ പ്രവർത്തിക്കുന്നവരും തമ്മിൽ ആശയ വിനിമയം നടത്തുന്നതിനുമുള്ള വേദിയാണ് ബാംബൂ ഫെസ്റ്റ്. പതിനാലാമത് 'കേരള ബാംബൂ ഫെസ്റ്റ് 2017' അന്തർദേശീയ |

| | | | |
|---|---|---|---|
| | | | പ്രാതിനിധ്യത്തോടെ സംഘടിപ്പിക്കുന്നത് ലക്ഷ്യമിട്ട് കേരള ബാംബൂ മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ